നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

## 2009 ലെ MBBS/BDS കോഴ്സുകളിലേയ്ക്കുള്ള അന്തിമ ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച്

**2009 സെപ്റ്റംബർ 18-ാം തീയതി** പ്രസിദ്ധീകരിക്കുന്ന MBBS/BDS കോഴ്സുകളിലേയ്ക്കുള്ള അവസാന ഘട്ട അലോട്ട്മെന്റ് നടപടികളിലേക്കായി കേന്ദ്രീകൃത അലോട്ട്മെന്റിൽ പങ്കെടുത്ത എല്ലാ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ നിന്നുമുള്ള സർക്കാർ സീറ്റ് ഒഴിവുകളെ സംബന്ധിച്ചുള്ള റിപ്പോർട്ട് **സെപ്റ്റംബർ 16-ാം തീയതി വൈകുന്നേരം 5 മണിക്കുള്ളിൽ** സമർപ്പിക്കണമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചിരുന്നു.

എന്നാൽ **കണ്ണൂർ ജില്ലയിലുള്ള കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ ഡെന്റൽ കോളേജ് എന്നീ രണ്ട് സ്ഥാപനങ്ങൾ** സീറ്റ് ഒഴിവുകൾ പ്രവേശന പരീക്ഷാ കമ്മീഷണറെ യഥാസമയം അറിയിച്ചിട്ടില്ല. നിരവധി തവണ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഈ കോളേജുകളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇതുമൂലം ഈ കോളേജുകളിൽ ഇപ്പോൾ സർക്കാർ സീറ്റുകൾ ഒഴിവുണ്ടെങ്കിൽ ഇവ മെറിറ്റ് ലിസ്റ്റിൽ നിന്നും വിദ്യാർത്ഥികളെ അലോട്ട് ചെയ്യാൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സാധിക്കാത്ത സ്ഥിതി സംജാതമായിരിക്കുകയാണ്.

സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജ് മാനേജ്മെന്റുകളും സർക്കാരും തമ്മിലുള്ള കരാർ പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് **സെപ്റ്റംബർ 22-ാം തീയതിക്കു ശേഷം** ഈ കോളേജുകളിലേക്ക് അലോട്ട്മെന്റ് നടത്താൻ സാധിക്കുകയില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ഈ രണ്ട് കോളേജുകളിൽ 08.09.2009 ന് പ്രസിദ്ധീകരിച്ച മൂന്നാം ഘട്ട അലോട്ട്മെന്റിനു ശേഷം സർക്കാർ സീറ്റ് ഒഴിവുകൾ വന്നിട്ടുണ്ടെങ്കിൽ അവ അർഹരായ വിദ്യാർത്ഥികൾക്ക് അലോട്ട് ചെയ്യുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സാധിക്കാതെ വന്നിരിക്കുകയാണ്. ആയതിനാൽ ഈ രണ്ട് കോളേജുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിലേക്കായി സർക്കാരിലേക്കും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി, യൂണിവേഴ്സിറ്റി, മെഡിക്കൽ കൗൺസിൽ, ഡെന്റൽ കൗൺസിൽ എന്നിവർക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ശുപാർശ ചെയ്തിരിക്കുകയാണ്.

തിരുവനന്തപുരം
17.09.2009

**പ്രവേശന പരീക്ഷാ കമ്മീഷണർ**